"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ലക്ഷ്മി സുബ്രഹ്മണ്യൻ, ജൂനിയർ കൺസൽട്ടന്റ് (ഗൈനക്കോളജി) ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No.970/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 23.06.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2759/2023/H&FWD തീയതി,തിരുവനന്തപുരം, 21-10-2023

---

പരാമർശം:-

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.06.2023-ലെ ഇ.എ1-5160/2023/ആവഡ നമ്പർ നടപടിക്രമം
2. ഡോ.ലക്ഷ്മി സുബ്രഹ്മണ്യൻ, ജൂനിയർ കൺസൽട്ടന്റ് (ഒ&ജി) സമർപ്പിച്ച അപ്പീൽ (Annexure A5)
3. OA No.970/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 23.06.2023-ലെ ഉത്തരവ്.
4. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിലെ ജൂനിയർ കൺസൽട്ടന്റ്മാരുടെ പരാമർശം (1) നടപടിക്രമ പ്രകാരം പുറപ്പെടുവിച്ച 2023 പൊതുസ്ഥലംമാറ്റത്തിൽ ഓപ്ഷൻ നൽകാത്ത സ്ഥാപനത്തിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൽട്ടന്റ് ഡോ.ലക്ഷ്മി സുബ്രഹ്മണ്യൻ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ പരാമർശം (2) അപ്പീൽ സമർപ്പിക്കുകയും, ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA No.970/2023



0381732

ഫയൽ ചെയ്യുകയും ഉണ്ടായി. അപേക്ഷക സർക്കാർ മുമ്പാകെ സമർപ്പിച്ച അപ്പീൽ പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് പരാമർശം (3) പ്രകാരം ബഹു. ട്രൈബ്യൂണൽ നിർദ്ദേശം നൽകി .

2) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023 പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം (4) പ്രകാരം രൂപീകൃതമായ കമ്മിറ്റി അപേക്ഷക സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ പരിശോധിക്കുകയുണ്ടായി.

3) അപ്പീലിലെ അപേക്ഷ:

പൂജപ്പുര സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിന്നും ഇടുക്കി ജില്ലാ ആശുപത്രിയിലേക്ക് സ്ഥലം മാറ്റം നൽകി. കരട് സ്ഥലം മാറ്റ പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നില്ല. നിലവിലെ സ്റ്റേഷനിൽ ഒരു വർഷം മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ. കരട് സ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഭർത്താവ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജോലി നോക്കുന്നു. ഒരു മുന്നറിയിപ്പും കൂടാതെയുള്ള സ്ഥലംമാറ്റം ഏറെ ബുദ്ധിമുട്ട് ഉണ്ടാക്കും. ജൂനിയർ കൺസൾട്ടന്റ് (ഒ&ജി) വിഭാഗത്തിലെ പല മെഡിക്കൽ ഓഫീസർമാരും 3 വർഷത്തിൽ കൂടുതലായി തിരുവനന്തപുരം ജില്ലയിൽ ജോലി നോക്കി വരുന്നു. കൊല്ലം/തിരുവനന്തപുരം ജില്ലകളിൽ ഏതെങ്കിലും സ്റ്റേഷനിൽ നിയമനം അനുവദിക്കണം.

4) കമ്മിറ്റി ടി വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ഡോ.ലക്ഷ്മി സുബ്രഹ്മണ്യത്തെ നിലവിലെ സ്ഥാപനമായ പൂജപ്പുര സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിയമനം നൽകിയത് 01.06.2022-നാണെങ്കിലും, ടിയാൾ 02.07.2018 മുതൽ തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ ജോലി ചെയ്തു വരുന്നതിനാലും രണ്ട് സ്ഥാപനങ്ങളും 15 കി.മീ ദൂരപരിധിക്കുള്ളിലായതിനാലും, ഒരേ സ്റ്റേഷനായി പരിഗണിച്ച്,

സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നില്ലെങ്കിലും, പൊതുസ്ഥലംമാറ്റ മാനദണ്ഡപ്രകാരം പ്രസ്തുത ആശുപത്രിയിൽ നിയമനം നൽകുവാൻ യോഗ്യതയുള്ള അപേക്ഷകൾ പരിഗണിക്കുന്നതിനുമായിട്ടാണ് അപേക്ഷകയെ സ്ഥലംമാറ്റേണ്ടി വന്നത് എന്നതിനാൽ ഇടുക്കി ജില്ലാ ആശുപത്രിയിലേയ്ക്കുള്ള അപേക്ഷകയുടെ സ്ഥലംമാറ്റം പുനഃപരിശോധിക്കേണ്ടതില്ലെന്ന് കമ്മിറ്റി തീരുമാനിച്ചു.

5) മേൽ സാഹചര്യത്തിൽ, കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു കൊണ്ട് ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൽട്ടന്റ് ഡോ.ലക്ഷ്മി സുബ്രഹ്മണ്യൻ പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

6) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA No.970/2023-മേലുള്ള 23.06.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEJITH V P

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം/ഇടുക്കി

Dr.Lekshmi Subramanian, Junior Consultant (O&G), CHLRA 41, Cheshire Home Lane, Kowdiar, Thiruvananthapuram - 695 003.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
Date: 21-10-2023 14:38:59
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. ഇ.ഐ-5160/2023/ആ.വ.ഡ, തീയതി 25.10.2023.
സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയ്ക്കു വേണ്ടി.